14 (1228) ഫിഷറീസ് റോഡുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് മേഖലയിൽ കോഴിക്കോട് ജില്ലയിൽ എത്ര റോഡുകൾക്കാണ് ഈ വർഷം അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം റോഡുകളാണെന്ന് അറിയിക്കുമോ;

(സി) റോഡുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 റോഡുകൾക്ക്.

(ബി) വിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി) 31.3.2000-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

15 (1229) ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ മത്സ്യക്കൃഷി നടത്തുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ കരാർ വ്യവസ്ഥയിൽ ഫിഷറീസ് വകുപ്പിൽ നിയമിച്ചിട്ടുണ്ടോ? എങ്കിൽ എത്രപേരെ;

(ബി) ഇവരെ ഈ തസ്തികയിൽ സ്ഥിരപ്പെടുത്താനുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ചുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പരിചയസമ്പന്നരായ ഫീൽഡ് സ്റ്റാഫിനെ പ്രൊമോട്ട് ചെയ്യുകയും ഫീൽഡ് സ്റ്റാഫിൽ ഒഴിവുവരുന്ന തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്യുന്ന കീഴ്വഴക്കം ലംഘിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടി നിർത്തിവയ്ക്കുമോ;

(ഇ) പി.എസ്.സി.യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ ഫിഷറീസ് വകുപ്പ് ഉടനടി നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനകീയ മത്സ്യക്കൃഷി നടത്തുന്നതിന് കരാർ വ്യവസ്ഥയിൽ 49 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബി-യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിചയസമ്പന്നരായ ഫീൽഡ് സ്റ്റാഫിനെ സീനിയോറിറ്റി അനുസരിച്ച് പ്രൊമോട്ട് ചെയ്യുകയും ഫീൽഡ് സ്റ്റാഫിൽ ഒഴിവുവരുന്ന തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്യുന്ന കീഴ്വഴക്കം ലംഘിച്ചിട്ടില്ല.

(ഇ) പി.എസ്.സി.യെ മറികടന്ന് ഫിഷറീസ് വകുപ്പിൽ നിയമനങ്ങൾ നടത്തുന്നില്ല.

16 (1230) കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ബി. വിജയകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചലച്ചിത്ര അക്കാദമി ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് ഓരോന്നിനും എന്തു ചെലവു വന്നിട്ടുണ്ട്;

(സി) ഈ അക്കാദമി ഏറ്റെടുത്തു നടത്തിയ പല പരിപാടികളും ഇടയ്ക്കുവച്ച് നിർത്തേണ്ടതായി വന്നിട്ടുണ്ടോ;

(ഡി) ഈ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജനചിത്ര ചലച്ചിത്രോത്സവം, ക്രാഫ്റ്റ് ആന്റ് ആർട്സ് ഫെസ്റ്റിവൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഈ അക്കാദമിയുടെ ഉത്തരവാദിത്വത്തിൽ നടത്തിയ ടെലിവിഷൻ, സിനിമ, അവാർഡ് നിർണ്ണയത്തിൽ എന്തെങ്കിലും വിവാദം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ അനുബന്ധം-I ആയി വച്ചിരിക്കുന്നു.†

(ബി) ഓരോന്നിന്റേയും ചെലവു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി വച്ചിരിക്കുന്നു.†

(സി) ഇല്ല.

(ഡി) അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജനചിത്ര ചലച്ചിത്ര പ്രദർശന പരിപാടി ഒരു തുടർപരിപാടിയാണ്. വേൾഡ് ക്രാഫ്റ്റ് കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച രണ്ടാമത് അന്താരാഷ്ട്ര ആർട്സ് ആന്റ് ക്രാഫ്റ്റ് ഫിലിം ഫെസ്റ്റിവൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാന ടെലിവിഷൻ, സിനിമാ അവാർഡ് നിർണ്ണയത്തിൽ പോരായ്മകളുണ്ടായതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 1998-ലെ സംസ്ഥാന ചലച്ചിത്ര അവാർഡു നിർണ്ണയ കമ്മിറ്റിയെ അക്കാദമിയുടെ ജന

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly